**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1376** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016-17 മുതൽ ഇരവിപുരം മണ്ഡലത്തിൽ എത്ര റെയിൽവേ മേൽപ്പാലങ്ങൾക്ക് (ആർ.ഒ.ബി) അനുമതി ലഭിച്ചിട്ടുണ്ടെന്നും; ഓരോന്നിനും എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | 2016-17 മുതൽ ഇരവിപുരം മണ്ഡലത്തിൽ 6 ആർ.ഒ.ബി.കൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോന്നിനും അനുവദിച്ച ഭരണാനുമതി തുക ചുവടെ ചേർക്കുന്നു.<br><br>1. ഇരവിപുരം ആർ.ഒ.ബി - 20 കോടി<br><br>2. മയ്യനാട് ആർ.ഒ.ബി - 50 കോടി<br><br>3. കൂട്ടിക്കട ആർ.ഒ.ബി - 22.51 കോടി<br><br>4. കല്ലുംതാഴം ആർ.ഒ.ബി - 50 കോടി<br><br>5. എസ്.എൻ.കോളേജ് ഗേറ്റ് ആർ.ഒ.ബി - 22.51 കോടി<br><br>6. പോളയത്തോട് ആർ.ഒ.ബി - 18.11 കോടി |
| (ബി) | ഏതെങ്കിലും റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; നിർമ്മാണം ആരംഭിക്കാത്ത റെയിൽവേ മേൽപ്പാലങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (ബി) | **1. ഇരവിപുരം ആർ.ഒ.ബി**<br><br>ഇരവിപുരം ആർ.ഒ.ബി. യുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കിഫ്ബി യിൽ നിന്നും 31.60 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ പൈൽ, പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ഗർഡറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരികയുമാണ്. റെയിൽവേ സ്പാനുകളുടെ നിർമ്മാണം റെയിൽവേ നേരിട്ടാണ് നിർവ്വഹിക്കുന്നത്. റെയിൽവേ സ്പാനിലെ ഗർഡറുകളുടെ erection പൂർത്തിയാക്കി യതിനു ശേഷമേ പാലത്തിന്റെ ഇരുവശങ്ങളിലുമുള്ള സംരക്ഷണ ഭിത്തികളുടെ നിർമ്മാണം ആരംഭിക്കാവൂ എന്ന് റെയിൽവേ നിർദ്ദേശിച്ചിട്ടുമുണ്ട്. റെയിൽവേ പ്രതിനിധികളുമായി സംയുക്ത സ്ഥലപരിശോധന നടത്തുകയും സംരക്ഷണ ഭിത്തിയുടെ നിർമ്മാണം |

പൂർത്തിയാക്കുന്നതിനുള്ള അനുമതി റെയിൽവേയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**2. മയ്യനാട് ആർ.ഒ.ബി**

പദ്ധതിക്കായി 25.95 കോടി രൂപ 26.10.2010 ന് കിഫ്ബി അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ അന്തിമ ഘട്ടത്തിലാണ്. സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കുകയും റെയിൽവേയിൽ നിന്നും ജി.എ.ഡി-യ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്താൽ ടെണ്ടർ

നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതാണ്.

**3. കൂട്ടിക്കട ആർ.ഒ.ബി**

പദ്ധതിക്കായി 52.24 കോടി രൂപ 20.03.2022 ന് കിഫ്ബി അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ ആരംഭഘട്ടത്തിലാണ്. അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായി 50 ലക്ഷം രൂപ ലാന്റ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. കിഫ്ബിയിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ലാന്റ് അക്വിസിഷൻ ഓഫീസർക്ക് കൈമാറുന്നതാണ്.

**4. എസ്.എൻ. കോളേജ് ആർ.ഒ.ബി**

പദ്ധതിയ്ക്കായി 44.66 കോടി രൂപ 09.08.2020 ന് കിഫ്ബി അനുവദിച്ചിട്ടുണ്ട്. ജി.എ.ഡി യ്ക്ക് 16.03.2023 നാണ് റെയിൽവേ അംഗീകാരം നൽകിയത്. സ്ഥലമേറ്റെടുക്കൽ ആരംഭിക്കുന്നതിനായി എൽ.എ. പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

**5. കല്ലുംതാഴം ആർ.ഒ.ബി**

പദ്ധതിയ്ക്കായി 30.93 കോടി രൂപ 18.03.2019 ന് കിഫ്ബി അനുവദിച്ചിട്ടുണ്ട്. ജി.എ.ഡി റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്. കൂടാതെ NHAIയുടെ അനുമതിയ്ക്കായും അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ജി.എ.ഡി. യ്ക്ക് റെയിൽവേയിൽ നിന്നും അംഗീകാരം ലഭിക്കുകയും, NHAI യുടെ NOC ലഭിക്കുകയും ചെയ്താൽ മാത്രമേ സ്ഥലമേറ്റെടുക്കൽ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**6. പോളയത്തോട് ഗേറ്റ് ആർ.ഒ.ബി**

ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്നതി നായുള്ള അധിക തുക ലഭ്യമാക്കണമെന്നാ വശ്യപ്പെട്ടുകൊണ്ട്

| | | | |
|---|---|---|---|
| | | | കെ.ആർ.ഡി.സി.എൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരുന്നു. നിർമ്മാണത്തിനുള്ള 18.11 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ